"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തൃശ്ശൂർ ജില്ലയിലെ നാട്ടിക ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലർക്ക് ശ്രീ.അനീഷ്.ടി.എ-യ്ക്ക് പുസ്തകം പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

**തദ്ദേശസ്വയംഭരണ (ഇപിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1618/2024/LSGD തീയതി,തിരുവനന്തപുരം, 03-09-2024

പരാമർശം:-
1. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 5.6.2023-ലെ LSGD/PD/3577/2023DEC4 നമ്പർ നടപടിക്രമം
2. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ 15.08.2024ലെ LSGD/PD/28493/2024-DEC4 നമ്പർ കത്ത്

**ഉത്തരവ്**

പരാമർശം (1) നടപടിക്രമ പ്രകാരം നിലവിൽ, കെ എസ് ആർ ഭാഗം I അനുബന്ധം XII A പ്രകാരം ശൂന്യവേതനാവധിയിൽ തുടരുന്ന തൃശ്ശൂർ ജില്ലയിലെ നാട്ടിക ഗ്രാമപഞ്ചായത്ത് ഓഫീസിലെ ക്ലാർക്ക് ശ്രീ.അനീഷ്.ടി.എ ടിയാൾ രചിച്ച "എൻ നേരം തുഴഞ്ഞ് " എന്ന പുസ്തകം പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി ലഭ്യമാക്കുന്നതിനായി സമർപ്പിച്ച അപേക്ഷ പരാമർശം (2) പ്രകാരം അനുകൂല ശിപാർശ സഹിതം തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ ലഭ്യമാക്കിയിട്ടുണ്ട്.

2. സർക്കാർ ഇക്കാര്യം വിശമായി പരിശോധിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ ശിപാർശ പരിഗണിച്ച് 1960-ലെ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ചട്ടങ്ങളിലെ ചട്ടം 48-ന്റെ ഒന്നാം പ്രൊവിസോ, ചട്ടം 62, ചട്ടം 63 എന്നിവയുടെ അടിസ്ഥാനത്തിൽ ഔദ്യോഗിക കൃത്യനിർവ്വഹണത്തെ തടസ്സപ്പെടുത്താത്ത രീതിയിൽ പ്രതിഫലേച്ഛയില്ലാതെ, എന്നാൽ സർക്കാർ നിർദ്ദേശിക്കുന്ന പക്ഷം പ്രസ്തുത പ്രവർത്തനങ്ങൾ തുടർന്ന് ഏറ്റെടുക്കുകയോ തുടരുകയോ ചെയ്യാൻ പാടില്ലെന്നും പ്രസ്തുത പ്രവൃത്തികളിലൂടെ സർക്കാരിനെയോ, സർക്കാരിന്റെ നയങ്ങളെയോ വിമർശിക്കുവാൻ പാടില്ലെന്നും, സ്വകാര്യ പ്രസാധകർ മുഖേന കച്ചവടാടിസ്ഥാനത്തിൽ പ്രസിദ്ധീകരിക്കുന്നതിനോ, സാമ്പത്തിക നേട്ടം ഉണ്ടാക്കുന്നതിനോ പാടില്ലെന്നുമുള്ള വ്യവസ്ഥയിൽ, നിലവിൽ കെ എസ് ആർ ഭാഗം I അനുബന്ധം XII A , പ്രകാരം ശൂന്യവേതനാവധിയിൽ തുടരുന്ന തൃശ്ശൂർ ജില്ലയിൽ നാട്ടിക ഗ്രാമപഞ്ചായത്തിലെ ക്ലർക്ക് ശ്രീ അനീഷ് ടി.എ-യ്ക്ക്, ടിയാളുടെ "എൻ നേരം തുഴഞ്ഞ് " എന്ന പുസ്തകം പ്രസിദ്ധീകരിക്കുന്നതിനുള്ള അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
സെമിഗോപിനാഥ്. ജി
ഡെപ്യൂട്ടി സെക്രട്ടറി

1.പ്രിൻസിപ്പൽ ഡയറക്ടർ , തദ്ദേശസ്വയംഭരണവകുപ്പ്,തിരുവനന്തപുരം
2.ജോയിന്റ് ഡയറക്ടർ,തദ്ദേശസ്വയംഭരണവകുപ്പ് , തൃശ്ശൂർ
(തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

3.സെക്രട്ടറി, നാട്ടിക ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

4.ശ്രീ.അനീഷ് ടി എ , ക്ലർക്ക് , നാട്ടിക ഗ്രാമപഞ്ചായത്ത് (തദ്ദേശസ്വയംഭരണവകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ മുഖേന)

5.പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(എ&ഇ/ആഡിറ്റ്) കേരള.തിരുവനന്തപുരം /തൃശ്ശൂർ

6.ഡയറക്ടർ . ഐ കെ എം

7.ഇൻഫർമേഷൻസ് & പബ്ലിക് റിലേഷൻസ് വകുപ്പ് (വെബ് & ന്യൂ മീഡിയ ഡിവിഷൻ)

8.കരുതൽ ഫയൽ (ഫയൽ നം.182/ഇപിഎ1/2024-എൽഎസ്ജിഡി

ഉത്തരവിൻ പ്രകാരം

Signed by

Danuja M S

Date: 03-09-2024 10:53:41